**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 443 — 10.06.2014-ലെ മറുപടിയ്ക്ക്

# വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സഹകരണ വകുപ്പിന്റെ പങ്കാളിത്തം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണിയിൽ ഇടപെടുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) വിലവർദ്ധനവ് നിയന്ത്രിക്കാൻ സാധനങ്ങൾ പൊതുവിപണിയേക്കാൾ 20% വരെ കുറഞ്ഞ നിരക്കിൽ നന്മ സ്റ്റോറുകളിലൂടെയും വില വർദ്ധനവിനു സാദ്ധ്യതയുള്ള ഉൽസവകാലങ്ങളിൽ പ്രത്യേക വിപണികൾ നടത്തുന്നതിന് സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രത്യേക വിപണികൾ നടത്തുന്നുണ്ട്. പൊതുവിപണി വിലയിൽ നിന്നും 15% മുതൽ 50% വരെ വില കുറച്ച് നിത്യോപയോഗ സാധനങ്ങൾ, നൽകുന്നതിനും വിലക്കയറ്റം, കൃത്രിമ ക്ഷാമം എന്നിവ നിയന്ത്രിക്കുവാനും കൺസ്യൂമർ ഫെഡിന് സാധിച്ചിട്ടുണ്ട്. |
| (ബി) ത്രിവേണി, നന്മ സ്റ്റോറുകളിൽ പല നിത്യോപയോഗ സാധനങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ അവയുടെ പ്രവർത്തനം | (ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ത്രിവേണി, നന്മ സ്റ്റോറുകളിൽ പൊതു ജനങ്ങൾക്ക് പൊതുവായി ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാകാത്ത |

| | |
|---|---|
| ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | സാഹചര്യം നിലവിലില്ല. ഫണ്ടിന്റെ അപര്യാപ്തത പരിഹരിച്ച് എല്ലാ സ്റ്റോറുകളിലും അവശ്യ സാധനങ്ങൾ ലഭ്യമാക്കി പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ